LIBRARY ARCHIVES Kerala Legislative Assembly

പോസ്റ്റ് മെട്രിക് ഹോസ്റ്റലും പ്രീ-മെട്രിക് ഹോസ്റ്റലും അനുവദിക്കുന്നതിന് നടപടി

10 [590] *ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലും വരക്കാട് പ്രീ-മെട്രിക് ഹോസ്റ്റലും അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചീമേനിയിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റലും വരക്കാട് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു പ്രീ മെട്രിക് ഹോസ്റ്റലും ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ചീമേനിയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവപരിഗണനയിലാണ്. വരക്കാട് പ്രീ-മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് അനുയോജ്യവും സൗകര്യപ്രദവുമായ കെട്ടിടം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകൾ

11 [591] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിലുള്ള വിദ്യാർത്ഥികൾക്കായി എത്ര ഹോസ്റ്റലുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ ഹോസ്റ്റലുകൾ എവിടെയെല്ലാമാണെന്ന് പേര് വിവരസഹിതം വെളിപ്പെടുത്താമോ;